"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പ്ലാൻ ഫണ്ട് 2024-25 - ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ - നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് പുതിയ ബ്ലോക്ക് (ബഹുനില മന്ദിരം) നിർമ്മാണം' എന്ന പ്രവൃത്തി - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.962/2025/H&FWD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-
1. പൊതുമരാമത്ത് വകുപ്പിന്റെ 29.11.2023 തീയതിയിലെ CE/BL/PL1/TVPM/19306/2023-23-1-1 നമ്പർ കത്ത്
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.02.2024 തീയതിയിലെ പി.എൽ.എ1-3321/2024/ആവഡ നമ്പർ കത്ത്
3. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 13.03.2025 തീയതിയിലെ CEPWD/20900/2023-DB2(PL)-BL നമ്പർ കത്ത്

**ഉത്തരവ്**

2023-24-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) -ൽ ക്രമ നമ്പർ 619 ആയി ഉൾപ്പെടുത്തിരുന്ന 'നെയ്യാറ്റിൻകര ആശുപത്രിയിൽ കിടത്തിചികിത്സയ്ക്ക് പുതിയ മന്ദിര നിർമ്മാണം' എന്ന പ്രവൃത്തി (G + 2 നിലകൾ) നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാനും 6 കോടി രൂപയുടെ എസ്റ്റിമേറ്റും കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തിയ്ക്ക് '4210-01-110-74-ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ' എന്ന ശീർഷകത്തിനു കീഴിൽ ഭരണാനുമതി നൽകണമെന്ന് പരാമർശം 2-ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം, '**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് പുതിയ ബ്ലോക്ക് (ബഹുനില മന്ദിരം) നിർമ്മാണം**' എന്ന പ്രവൃത്തി (G + 2 നിലകൾ) നടപ്പിലാക്കുന്നതിനായി '**4210-01-110-74-01-00-00-(PV) - ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ**' എന്ന ശീർഷകത്തിന് കീഴിൽ **6,00,00,000/- രൂപയ്ക്ക് (ആറ് കോടി രൂപ മാത്രം) ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി** നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പ്രവൃത്തിക്ക് സാങ്കേതികാനുമതി പുറപ്പെടുവിക്കുന്നതിനു മുൻപായി എല്ലാ ലംപ്സം

ഇനങ്ങൾക്കും (LS items) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

ii. ഭരണാനുമതിയിൽ ഉൾപ്പെട്ട എല്ലാ ഘടകങ്ങളും ഉൾപ്പെടെ സംയുക്ത ടെണ്ടറുകൾ (Composite tenders) വിളിക്കേണ്ടതാണ്.

iii. ടെണ്ടർ വിളിക്കുന്നതിനു മുൻപായി സാങ്കേതികാനുമതി എസ്റ്റിമേറ്റ് -ന്റെ പകർപ്പ് ധനകാര്യ വകുപ്പിൽ(GOK) ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.E.2717821/HLT-A1/48/2024-FIN തീയതി 29.03.2025 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/41/2024-HEALTH )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

Signed by
Gayathri G
Date: 29-03-2025 19:15:00